# കേര കർഷകർക്ക് പ്രതീക്ഷ: 'നീര'യ്ക്കുള്ള അനുമതി പുതിയ മദ്യനയത്തിൽ

■ ഷാലു മാത്യു
കോട്ടയം

നാളികേര വിലയിടിവിൽ നട്ടം തിരിയുന്ന കേരകർഷകർക്ക് പ്രതീക്ഷയേകി നീര പാനീയത്തിന് പുതിയ മദ്യനയത്തിൽ അനുമതി ലഭിക്കും.

അടുത്ത മാസം സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പുതുക്കിയ മദ്യനയത്തിൽ തെങ്ങിൽ നിന്ന് മധുരക്കള്ളായ നീര വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിനുള്ള അനുമതി നൽകും. പുളിയുള്ള വീര്യമുള്ള കള്ളിന് പകരം ചെത്തിയിറക്കുന്ന കള്ള് പുളി വരുന്നതിന് മുമ്പ് തന്നെ സംസ്കരിച്ച് ശീതളപാനീയമാക്കി മാറ്റുന്നതാണ് നീര. സംസ്ഥാനമൊട്ടാകെ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനം. വൈൻ വിൽക്കാൻ അനുമതിയുള്ള എല്ലാ വ്യാപാരകേന്ദ്രങ്ങളിലും ലഭ്യമാകുന്ന വിധമാകണം വിപണനം എന്ന നിർദേശം ഉയർന്നുവന്നിട്ടുണ്ടെങ്കിലും അന്തിമ തീരുമാനം വന്നിട്ടില്ല.

നീര ഉൽപാദിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാനസർക്കാർ നിയോഗിച്ച വിദഗ്ദസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും അനുമതി നൽകുക. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത നാളികേര ഉൽപാദക സഹകരണ സംഘങ്ങൾക്കുമാത്രമേ നീര ഉൽപാദിപ്പിക്കുന്നതിനുള്ള അനുമതി നൽകാവൂ എന്നാണ് സമിതിയുടെ പ്രധാന ശിപാർശ. ഇതിന് എക്സൈസ് വകുപ്പിന്റെ അനുമതിയും നിർബന്ധമായും വാങ്ങിയിരിക്കണം. നാളികേര കർഷകരെ സഹായിക്കുന്നതിനാണ് പുതിയപദ്ധതിക്ക് സർക്കാർ അനുമതി നൽകുന്നത്. രണ്ടു വർഷം മുമ്പ് നീര പദ്ധതിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിരുന്നുവെങ്കിലും കള്ള് ചെത്ത് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെ ശക്തമായ എതിർപ്പിനെത്തുടർന്നാണ് പദ്ധതി നടപ്പിലാകാതെ പോയത്.

കള്ള് ചെത്ത് മദ്യവ്യവസായ മേഖലയിൽ ഇപ്പോൾ നാൽപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നീര പദ്ധതി ഇത്രയും തൊഴിലാളികളുടെ ജോലി ഇല്ലാതാക്കുമെന്നും, കള്ള് വ്യവസായത്തെ തകർക്കുമെന്നുമാണ് ചെത്ത് തൊഴിലാളി യൂണിയനുകളുടെ ആരോപണം. മാത്രമല്ല അബ്കാരി ആക്ടിന്റെ പരിധിയിൽ നീര ഉൽപാദനം വരാത്ത സാഹചര്യത്തിൽ മധുരക്കള്ള് ഉൽപാദനത്തിന്റെ മറവിൽ വ്യാജ കള്ളു നിർമാണം തകൃതിയായി നടക്കുമെന്നും ഇവർ ആരോപിക്കുന്നു.

കള്ള്ചെത്ത് തൊഴിലാളി സംഘടനകളിൽ പ്രധാന നിയന്ത്രണം സി.ഐ.ടി.യു.വിനാണ്. ഇവരാണ് പദ്ധതിയെ പ്രധാനമായും എതിർക്കുന്നത്. എന്നാൽ ചെത്ത് തൊഴിലാളി സംഘടനകളുടെ ആവശ്യത്തെ മറികടന്ന് പദ്ധതിയുമായി മുന്നോട്ട് പോകാൻ തന്നെയാണ് സർക്കാരിന്റെ തീരുമാനം.